ഉത്തരം

സപ്ലൈകോ കഴിഞ്ഞ സീസണിൽ (2013-14 രണ്ടാം സീസൺ) കർഷകരിൽ നിന്ന് നേരിട്ട് നെല്ല് സംഭരിച്ച ഇനത്തിൽ കളക്ഷൻ ചാർജ്ജായി 20,03,27,227 രൂപയും പ്രോസസിംഗ് ചാർജ്ജായി 34,45,57,792 രൂപയും ചെലവഴിച്ചു.

മാവേലി സ്റ്റോറുകളിലും സിവിൽ സപ്ലൈസ് സൂപ്പർ മാർക്കറ്റുകളിലും അവശ്യസാധനങ്ങളുടെ വിലവർദ്ധന

191(4822) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മാവേലി സ്റ്റോറുകളിലും സിവിൽ സപ്ലൈസ് സൂപ്പർ മാർക്കറ്റുകളിലെയും അവശ്യസാധനങ്ങൾക്ക് 2014 ജനുവരി ഒന്നുമുതൽ വിലവർദ്ധന നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലൂടെ നൽകിയിരുന്ന അവശ്യവസ്തുക്കൾക്ക് നൽകിയിരുന്ന സബ്സിഡി വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ എത്ര കുറച്ചു;

(സി) മാർക്കറ്റ് വിലയിൽ നിന്ന് എത്ര ശതമാനം സബ്സിഡിയാണ് ഇപ്പോൾ സ്ഥാപനങ്ങളിലൂടെ നൽകുന്നത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.

(സി) വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

തൃശ്ശൂർ ജില്ലയിൽ നെല്ലിന്റെ സംഭരണ വില നൽകാനുള്ള നടപടി

192(4823) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് തൃശ്ശൂർ ജില്ലയിലെ കർഷകരിൽ നിന്ന് ആകെ സംഭരിച്ച നെല്ലിന്റെ അളവ് എത്രയാണെന്നും അതിനുള്ള സംഭരണവില ആകെ എത്രയെന്നും അറിയിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആകെയുള്ള സംഭരണ വിലയിൽ കർഷകർക്ക് നൽകാനുള്ള കുടിശ്ശിക എത്രയാണെന്നും കുടിശ്ശിക വിതരണം എപ്പോൾ പൂർത്തിയാക്കുമെന്നും അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് തൃശ്ശൂർ ജില്ലയിലെ കർഷകരിൽ നിന്ന് ആകെ സംഭരിച്ച നെല്ലിന്റെ അളവ് 1911993.65 ക്വിന്റൽ ആണ്. അതിനുള്ള സംഭരണവില ആകെ 3253639957 രൂപയാണ്. ഇതു സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	സീസൺ	അളവ് (in Qtl)	സംഭരണ വില (₹)	കുടിശ്ശിക
1	2011-2012 1st	17253.77	25880655.00	0
2	2011-2012 2nd	724832.86	1087249290.00	0
3	2012-2013 1st	14510.01	24667017.00	0
4	2012-2013 2nd	391925.36	666273112.00	0
5	2013-2014 1st	10262.52	18472536.00	0
6	2013-2014 2nd	732840.66	1392397254.00	0
7	2014-2015 1st (upto 12-12-2014)	20368.47	38700093.00	0
	TOTAL	1911993.65	3253639957.00	0

(ബി) ഈ സർക്കാരിന്റെ കാലത്ത് തൃശ്ശൂർ ജില്ലയിൽ നിന്ന് നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് കുടിശ്ശികയൊന്നും നൽകുവാനില്ല.

LIBRARY ARCHIVES Kerala Legislative Assembly